(ഇ) കര ഭൂമിയിലെ മണൽഖനനം റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതല്ല.

(എഫ്) ബാധകമല്ല.

(ജി&എച്ച്) ബാധകമല്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മണലിന് നിയന്ത്രണവും നികുതിയും ഏർപ്പെടുത്താൻ നടപടി

12 (2768) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്ത് നിന്നും വരുന്ന മണലിന് നികുതി പിരിക്കുന്നതുവഴി എത്ര രൂപയുടെ വരവ് റവന്യൂ വകുപ്പിന് ബന്ധപ്പെട്ട അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) റവന്യൂ വകുപ്പ് നിയന്ത്രണമോ നികുതിയോ സെസ്സോ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ചെക്ക്പോസ്റ്റുകളിൽ മണലിന് എന്ത് തുകയുടെ ഏതു തരം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; സർക്കാർ നിർദ്ദേശങ്ങളില്ലാത്ത ഇത്തരം പിരിവ് നിർത്തലാക്കാൻ റവന്യൂ വകുപ്പ് അടിയന്തിര നിർദ്ദേശം നൽകുമോ ;

(സി) എല്ലാ സെയിൽടാക്സ് ചെക്ക്പോസ്റ്റുകളിലും മണൽപാസ് പരിശോധിക്കാൻ ഒരു റവന്യൂ ഉദ്യോഗസ്ഥനെ നിയോഗിക്കാനും ഇതുവഴി സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാരുടെ പിരിവ് നിർത്തി ഖജനാവിന് മുതൽക്കൂട്ടുണ്ടാക്കാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ചെക്ക്പോസ്റ്റുകൾ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ നിർദ്ദേശം പരിഗണിക്കാൻ റവന്യൂ വകുപ്പിന് ബുദ്ധിമുട്ടുണ്ട്.

(സി) നിർദ്ദേശം തൽക്കാലം റവന്യൂ വകുപ്പിന്റെ പരിഗണനയിലില്ല.

റവന്യൂ വകുപ്പിലെ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി

13 (2769) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ വകുപ്പിന് കീഴിലുള്ള ആഫീസുകളും കളക്ടറേറ്റുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനും ഇന്റർനെറ്റ് വഴി പരസ്പരം ബന്ധിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly